   D) The doctrine of eminent domain, under which the State may deviate from its own policy in the public interest without any procedural safeguard.

35. According to the Sustainable Development Report 2026 (UN Sustainable Development Solutions Network), India's overall SDG Index score showed its fastest improvement in a decade, moving up in the global ranking. Which of the following best reflects a further finding of the same report regarding India's progress ?
   A) India's improvement in its overall score means that all 17 Sustainable Development Goals are equally on track to be achieved by the 2030 deadline.
   B) India's improvement in its overall score has occurred despite continuing to face its most critical challenges on specific goals such as Zero Hunger, reflecting uneven progress across different goals.
   C) India's overall score improved solely because of progress on Goal 16 (Peace, Justice and Strong Institutions), while all other goals showed no change.
   D) India's ranking improved only relative to other South Asian countries, while it fell in the global ranking as a whole.

33. ഇ-ഗവേർണൻസ് സംരംഭങ്ങളെ, സേവന വിതരണത്തിൽ ഉൾപ്പെടുന്ന കക്ഷികൾ തമ്മിലുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിൽ സാധാരണയായി തരംതിരിക്കാറുണ്ട്. ഉദാഹരണത്തിന്: സർക്കാർ-പൗരൻ (G2C), സർക്കാർ-സർക്കാർ (G2G), സർക്കാർ-ബിസിനസ് (G2B), സർക്കാർ-ജീവനക്കാരൻ (G2E). ഒരു സംസ്ഥാനത്തിന്റെ ട്രഷറി വകുപ്പ്, പെൻഷനും ശമ്പളവുമായി ബന്ധപ്പെട്ട വിവരങ്ങൾ ഓഡിറ്റിനായി അക്കൗണ്ടന്റ് ജനറലിന്റെ ഓഫീസിലേക്ക് നേരിട്ട് ഇലക്ട്രോണിക് ആയി കൈമാറുന്ന ഒരു ഓൺലൈൻ പോർട്ടൽ ഏത് വിഭാഗത്തിൽ ഏറ്റവും ഉചിതമായി ഉൾപ്പെടുത്താം ?

A) സർക്കാർ-പൗരൻ (G2C), ഈ ഇടപാടിന്റെ അന്തിമ ഗുണഭോക്താവ് ഒരു വ്യക്തിഗത പെൻഷൻകാരനായതിനാൽ, ഇത് G2C വിഭാഗത്തിൽപ്പെടുന്നു.

B) സർക്കാർ-ബിസിനസ് (G2B), അക്കൗണ്ടന്റ് ജനറലിന്റെ ഓഫീസ് ഒരു സ്വകാര്യ ബിസിനസ് സ്ഥാപനമായി പ്രവർത്തിക്കുന്നതിനാൽ, ഈ ഇടപാട് G2B വിഭാഗത്തിൽപ്പെടുന്നു.

C) സർക്കാർ-ജീവനക്കാരൻ (G2E), ഇടപാട് ശമ്പളവുമായി ബന്ധപ്പെട്ട വിവരങ്ങൾ ഉൾക്കൊള്ളുന്നതിനാൽ ഇത് G2E ആയി കണക്കാക്കുന്നു.

D) സർക്കാർ-സർക്കാർ (G2G), ഇടപാട് രണ്ട് സർക്കാർ വകുപ്പുകൾ/ഏജൻസികൾ തമ്മിലുള്ള വിവരങ്ങളുടെയും സേവനങ്ങളുടെയും കൈമാറ്റം ആയതിനാൽ ഇത് G2G ആയി കണക്കാക്കുന്നു.

34. ഒരു സംസ്ഥാന സർക്കാർ വകുപ്പ്, നിരവധി വർഷങ്ങളായി തുടർച്ചയായി പിന്തുടരുന്ന ഒരു പ്രസിദ്ധീകരിച്ച നയം നിലവിലുണ്ട്. അതനുസരിച്ച്, ഒരു പ്രത്യേക വിഭാഗത്തിൽപ്പെട്ട ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ചാൽ, അപേക്ഷകൻ നിയമലംഘനം/കുടിശ്ശിക വരുത്തിയതായി കണ്ടെത്തിയിട്ടില്ലെങ്കിൽ, കൂടുതൽ പരിശോധന കൂടാതെ ലൈസൻസ് സ്വമേധയാ പുതുക്കി നൽകുന്നു. എന്നാൽ, നിയമലംഘനം ചെയ്തതായി കണ്ടെത്തിയിട്ടില്ലാത്ത ഒരു പ്രത്യേക അപേക്ഷകനോട് മാത്രം, മുൻകൂട്ടി അറിയിപ്പ് നൽകാതെയും, ഇതുവരെ സ്ഥിരമായി പിന്തുടർന്നിരുന്ന ഈ രീതിയിൽ നിന്ന് വ്യതിചലിക്കാൻ വകുപ്പ് ഇപ്പോൾ തീരുമാനിക്കുന്നു. ഈ നിർദ്ദേശിച്ച വ്യതിചലനത്തിന്റെ നിയമസാധുത പരിശോധിക്കുന്നതിൽ ഏറ്റവും നേരിട്ട് പ്രസക്തമായ ഭരണനിയമ തത്വം ഏതാണ് ?

A) ന്യായമായ പ്രതീക്ഷയുടെ സിദ്ധാന്തം – ഒരു പൊതു അധികാരസ്ഥാപനം, ദീർഘകാലമായി സ്ഥിരതയോടെ പിന്തുടർന്നുവരുന്ന ഒരു നടപടിരീതിയിൽ നിന്നോ നൽകിയ ഉറപ്പിൽ നിന്നോ ഒരു വ്യക്തിക്ക് ദോഷകരമായ രീതിയിൽ വ്യതിചലിക്കുന്നതിന് മുമ്പ്, ആ വ്യക്തിക്ക് ന്യായമായ വാദം കേൾക്കാനുള്ള അവസരമോ അല്ലെങ്കിൽ യുക്തിസഹമായ വിശദീകരണമോ ലഭിക്കേണ്ടതുണ്ടെന്ന സിദ്ധാന്തം.

B) പരമാധികാര പ്രതിരോധത്തിന്റെ സിദ്ധാന്തം – സംസ്ഥാനത്തെ അതിന്റെ മുൻകാല ഭരണപരമായ നടപടിരീതികൾ പിന്തുടരാൻ നിർബന്ധിക്കാനാവില്ല എന്ന സിദ്ധാന്തം.

C) Res judicata എന്ന സിദ്ധാന്തം – മുൻകാല കേസുകളിൽ വകുപ്പ് ലൈസൻസ് പുതുക്കി നൽകിയ നടപടികൾ അന്തിമ തീർപ്പായി കണക്കാക്കപ്പെടുകയും, ഭാവിയിലെ എല്ലാ അപേക്ഷകർക്കും അത് നിർബന്ധമായും ബാധകമാവുകയും ചെയ്യുന്ന സിദ്ധാന്തം.

D) Eminent domain എന്ന സിദ്ധാന്തം – പൊതുതാൽപര്യത്തിന്റെ പേരിൽ, യാതൊരു നടപടിക്രമപരമായ സുരക്ഷാ സംവിധാനങ്ങളും പാലിക്കാതെ, സംസ്ഥാനത്തിന് സ്വന്തം നയത്തിൽ നിന്ന് വ്യതിചലിക്കാൻ കഴിയുന്ന സിദ്ധാന്തം.

35. ഐക്യരാഷ്ട്രസഭയുടെ സുസ്ഥിര വികസന പരിഹാര ശൃംഖല പ്രസിദ്ധീകരിച്ച സുസ്ഥിര വികസന റിപ്പോർട്ട് 2026 പ്രകാരം, ഇന്ത്യയുടെ മൊത്തത്തിലുള്ള SDG സൂചിക സ്കോർ ഒരു ദശാബ്ദത്തിനിടയിലെ ഏറ്റവും വേഗത്തിലുള്ള പുരോഗതി രേഖപ്പെടുത്തുകയും, ആഗോള റാങ്കിംഗിൽ ഇന്ത്യ മുന്നേറുകയും ചെയ്തു. ഇന്ത്യയുടെ പുരോഗതിയെ സംബന്ധിച്ച് ഇതേ റിപ്പോർട്ടിലെ മറ്റൊരു കണ്ടെത്തലിനെ ഏറ്റവും കൃത്യമായി പ്രതിഫലിപ്പിക്കുന്നത് താഴെപ്പറയുന്നതിൽ ഏതാണ് ?

A) ഇന്ത്യയുടെ മൊത്തത്തിലുള്ള SDG സൂചിക സ്കോർ മെച്ചപ്പെട്ടത്, 17 സുസ്ഥിര വികസന ലക്ഷ്യങ്ങളും 2030-ലെ സമയപരിധിക്കുള്ളിൽ കൈവരിക്കുന്നതിനുള്ള പാതയിൽ ഒരേ രീതിയിൽ പുരോഗമിക്കുകയാണെന്ന് അർത്ഥമാക്കുന്നു.

B) ഇന്ത്യയുടെ മൊത്തത്തിലുള്ള SDG സ്കോർ മെച്ചപ്പെട്ടിട്ടുണ്ടെങ്കിലും, പട്ടിണിയില്ലാത്ത ലോകം പോലുള്ള ചില പ്രത്യേക ലക്ഷ്യങ്ങളിൽ ഇന്ത്യ ഇപ്പോഴും ഗുരുതരമായ വെല്ലുവിളികൾ നേരിടുന്നു. ഇത് വിവിധ SDG ലക്ഷ്യങ്ങളിലെ പുരോഗതി ഒരേപോലെയല്ലെന്നും വ്യക്തമാക്കുന്നു.

C) ഇന്ത്യയുടെ മൊത്തത്തിലുള്ള SDG സ്കോർ മെച്ചപ്പെട്ടത്, Goal 16 (സമാധാനം, നീതി, ശക്തമായ സ്ഥാപനങ്ങൾ) എന്ന ലക്ഷ്യത്തിലെ പുരോഗതി മൂലം മാത്രമാണ്; മറ്റ് എല്ലാ SDG ലക്ഷ്യങ്ങളിലും യാതൊരു മാറ്റവും ഉണ്ടായിട്ടില്ല.

D) ഇന്ത്യയുടെ റാങ്കിംഗ് മറ്റ് ദക്ഷിണേഷ്യൻ രാജ്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ മാത്രം മെച്ചപ്പെട്ടു; എന്നാൽ ആഗോള റാങ്കിംഗിൽ മൊത്തത്തിൽ ഇന്ത്യയുടെ സ്ഥാനം താഴ്ന്നു.

36. The Monetary Policy Committee (MPC) of the Reserve Bank of India, which kept the policy repo rate unchanged through most of 2026 while maintaining a 'neutral' stance, is structured as a six-member body comprising RBI officials and external members nominated by the Government of India. Which of the following best explains the institutional rationale for including external, non-RBI members on the MPC ?
   A) To ensure that RBI officials retain a permanent majority, so that external members can never Influence the outcome of a vote.
   B) To transfer the final decision-making power over the repo rate entirely from the RBI Governor to the external members.
   C) To bring in independent expertise and diverse perspectives into monetary policy decisions, rather than leaving interest-rate decisions to be determined solely by the internal view of the Central Bank.
   D) To ensure that monetary policy decisions are made in exact conformity with the fiscal policy announced in the Union Budget each year.

37. Which of the following is the most essential nutrient for women during their initial stages of pregnancy to prevent birth defect ?
   A) Vitamin C B) Vitamin D C) Folic acid D) Thiamine

38. When organic matter present in sanitary land fills decomposes it will generate
   A) Methane B) Nitrogen C) Hydrogen D) Oxygen

39. The most appropriate test to assess the prevalence of tuberculosis infection in community is
   A) Mass miniature radiography B) Sputum examination
   C) Tuberculin test D) Clinical examination

40. Which of the following disease caused by plasmodium parasite ?
   A) Malaria B) Filariasis
   C) Kala Azar D) Japanese encephalitis

41. Which is the most appropriate site for assessing a pulse during an emergency in an adult ?
   A) Radial artery B) Carotid artery
   C) Temporal artery D) Dorsalis pedis artery

42. The hormone primarily responsible for regulating blood calcium levels is
   A) Insulin B) Parathyroid hormone
   C) Thyroxine D) Adrenaline

43. Which organization coordinates organ and tissue transplantation activities in Kerala ?
   A) K-SOTTO B) K-CDC
   C) NHM D) Ayushman Bharat

44. India won its first medal at the 2026 Asian Games in which sports ?
   A) Hockey B) Cricket C) Shooting D) Badminton

45. A screw gauge has a pitch of 1 mm. When the screw is rotated through 6 complete rotations, the spindle moves forward by 6 mm. If the circular scale has 100 equal divisions, what is the least count of the screw gauge ?
   A) 0.001 mm B) 0.01 mm C) 0.1 mm D) 1 mm

36. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ ധനനയ സമിതി (MPC), 2026-ലെ ഭൂരിഭാഗം സമയത്തും പോളിസി റിപ്പോ നിരക്ക് മാറ്റമില്ലാതെ നിലനിർത്തുകയും, നിഷ്പക്ഷ നിലപാട് തുടരുകയും ചെയ്തു. MPC എന്നത് ആറ് അംഗങ്ങളുള്ള സമിതിയാണ്. ഇതിൽ RBI ഉദ്യോഗസ്ഥരും ഇന്ത്യാ സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ബാഹ്യ അംഗങ്ങളും ഉൾപ്പെടുന്നു. MPC-യിൽ RBI-യ്ക്ക് പുറത്തുള്ള, ബാഹ്യ അംഗങ്ങളെ ഉൾപ്പെടുത്തുന്നതിനുള്ള സ്ഥാപനപരമായ പ്രധാന കാരണം താഴെപ്പറയുന്നതിൽ ഏതാണ് ?
    A) RBI ഉദ്യോഗസ്ഥർക്ക് സ്ഥിരമായ ഭൂരിപക്ഷം ഉറപ്പാക്കുന്നതിനായി, അതുവഴി ബാഹ്യ അംഗങ്ങൾക്ക് വോട്ടെടുപ്പിന്റെ ഫലത്തെ ഒരിക്കലും സ്വാധീനിക്കാൻ കഴിയാത്തവിധം ക്രമീകരിക്കുക.
    B) റിപ്പോ നിരക്ക് സംബന്ധിച്ച അന്തിമ തീരുമാനമെടുക്കാനുള്ള അധികാരം RBI ഗവർണറിൽ നിന്ന് പൂർണ്ണമായും ബാഹ്യ അംഗങ്ങളിലേക്ക് കൈമാറുക.
    C) കേന്ദ്ര ബാങ്കിന്റെ ആഭ്യന്തര കാഴ്ചപ്പാടിനെ മാത്രം ആശ്രയിച്ച് പലിശനിരക്ക് തീരുമാനിക്കുന്നതിന് പകരം, സ്വതന്ത്ര വിദഗ്ദരുടെ അഭിപ്രായങ്ങളും വൈവിധ്യമാർന്ന കാഴ്ചപ്പാടുകളും പണനയ തീരുമാനങ്ങളിലേക്ക് കൊണ്ടുവരുന്നതിനായി.
    D) ഓരോ വർഷവും കേന്ദ്ര ബജറ്റിൽ പ്രഖ്യാപിക്കുന്ന ധനനയവുമായി പണനയ തീരുമാനങ്ങൾ കൃത്യമായി പൊരുത്തപ്പെടുന്നുവെന്ന് ഉറപ്പാക്കുന്നതിനായി.

37. ഗർഭധാരണത്തിന്റെ പ്രാരംഭ ഘട്ടത്തിൽ ജനനവൈകല്യങ്ങൾ തടയുന്നതിനായി സ്ത്രീകൾക്ക് ഏറ്റവും ആവശ്യമായ പോഷകഘടകം ഏതാണ് ?
    A) വിറ്റാമിൻ C    B) വിറ്റാമിൻ D    C) ഫോളിക് ആസിഡ്    D) തയാമിൻ

38. സാനിറ്ററി ലാൻഡ് ഫില്ലുകളിൽ അടങ്ങിയിരിക്കുന്ന ജൈവവസ്തുക്കൾ വിഘടിക്കുമ്പോൾ ഏത് വാതകമാണ് ഉണ്ടാകുന്നത് ?
    A) മീഥേൻ    B) നൈട്രജൻ    C) ഹൈഡ്രജൻ    D) ഓക്സിജൻ

39. ഒരു സമൂഹത്തിൽ ക്ഷയരോഗം ബാധിച്ചവരുടെ വ്യാപനം വിലയിരുത്തുന്നതിനുള്ള ഏറ്റവും അനുയോജ്യമായ പരിശോധന ഏതാണ് ?
    A) മാസ് മിനിയേച്ചർ റേഡിയോഗ്രാഫി    B) കഫ പരിശോധന
    C) ട്യൂബർകുലിൻ പരിശോധന    D) ക്ലിനിക്കൽ പരിശോധന

40. പ്ലാസ്മോഡിയം എന്ന പരോപജീവി മൂലം ഉണ്ടാകുന്ന രോഗം താഴെപ്പറയുന്നവയിൽ ഏതാണ് ?
    A) മലേറിയ    B) ഫൈലേറിയാസിസ്
    C) കാലാ അസാർ    D) ജാപ്പനീസ് എൻസഫലൈറ്റിസ്

41. ഒരു മുതിർന്ന വ്യക്തിയിൽ അടിയന്തര സാഹചര്യത്തിൽ നാഡിമിടിപ്പ് പരിശോധിക്കാൻ ഏറ്റവും അനുയോജ്യമായ സ്ഥലം ഏതാണ് ?
    A) റേഡിയൽ ധമനി    B) കരോറ്റിഡ് ധമനി
    C) ടെംപോറൽ ധമനി    D) ഡോർസാലിസ് പീഡിസ് ധമനി

42. രക്തത്തിലെ കാൽസ്യം നില നിയന്ത്രിക്കുന്നതിന് പ്രധാനമായും ഉത്തരവാദിയായ ഹോർമോൺ ഏതാണ് ?
    A) ഇൻസുലിൻ    B) പാരാതൈറോയ്ഡ് ഹോർമോൺ
    C) തൈറോക്സിൻ    D) അഡ്രിനാലിൻ

43. കേരളത്തിലെ അവയവ-ടിഷ്യൂ മാറ്റിവയ്ക്കൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന സ്ഥാപനം ഏതാണ് ?
    A) K-SOTTO    B) K-CDC
    C) NHM    D) Ayushman Bharat

44. 2026 ഏഷ്യൻ ഗെയിംസിൽ ഇന്ത്യ ആദ്യമായി മെഡൽ നേടിയത് ഏത് കായിക ഇനത്തിലാണ് ?
    A) ഹോക്കി    B) ക്രിക്കറ്റ്    C) ഷൂട്ടിംഗ്    D) ബാഡ്മിന്റൺ

45. ഒരു സ്ക്രൂ ഗേജിന്റെ പിച്ച് 1 mm ആണ്. സ്ക്രൂ 6 പൂർണ്ണ ഭ്രമണങ്ങൾ നടത്തിയപ്പോൾ, സ്പിൻഡിൽ 6 mm മുന്നോട്ട് നീങ്ങുന്നു. സർക്കുലർ സ്കെയിലിൽ 100 തുല്യ ഡിവിഷനുകൾ ഉണ്ടെങ്കിൽ, സ്ക്രൂ ഗേജിന്റെ ഏറ്റവും കുറഞ്ഞ അളവ് എത്രയാണ് ?
    A) 0.001 mm    B) 0.01 mm    C) 0.1 mm    D) 1 mm

46. A monochromatic light wave of frequency $5 \times 10^{14}$ Hz enters a transparent medium of refractive index 1.5 from vacuum. Which of the following statements is correct ?
   A) Its frequency becomes $3.33 \times 10^{14}$ Hz and its wavelength remains unchanged
   B) Its frequency remains $5.0 \times 10^{14}$ Hz and its wavelength becomes $4.0 \times 10^{-7}$ m
   C) Its frequency becomes $7.5 \times 10^{14}$ Hz and its wavelength becomes $6.0 \times 10^{-7}$ m
   D) Its frequency remains unchanged and its wavelength remains unchanged

47. If the speed of a body is doubled, its kinetic energy becomes
   A) Half B) Double C) Four times D) Eight times

48. In 2026, India held the BRICS Chairship and outlined its priorities for the grouping. What was the official theme of India's BRICS Chairship ?
   A) Global South for Global Peace
   B) Innovation for Inclusive Growth
   C) One Earth, One Future
   D) Building for Resilience, Innovation, Cooperation and Sustainability

49. The ability of aqua regia to dissolve gold is mainly due to
   A) Oxidation by HCl and complex formation by nitrate ions
   B) Reduction by nitric acid and complex formation by chloride ions
   C) Oxidation by nitric acid and complex formation by chloride ions
   D) Reduction by HCl and complex formation by nitrate ions

50. If the pH of nitric acid changes from 5 to 3, then its $H^+$ concentration
   A) Decreases 100 times B) Increases 100 times
   C) Increases 10 times D) Remains unchanged

51. A mixture contains iron filings and sulphur powder. Which sequence can be used to separate the components ?
   A) After strong heating using magnetic separation
   B) Without heating using magnetic separation
   C) After heating followed by sublimation
   D) After heating followed by distillation

52. Interest in methane pyrolysis is growing since it can result in
   A) $CO_2$ and water B) Hydrogen and solid carbon
   C) CO and hydrogen D) CO and water

53. What does Kerala Folklore Academy stand for ?
   I. To promote the folk performing art forms of Kerala.
   II. To Evolve new art forms from the traditional arts without losing their identity.
   III. To collect and publish folk stories and songs which are transmitted from generation.
   IV. To Honor leading artists by giving awards and fellowships.
   A) Only III B) Only I and II
   C) All of the above D) Only IV

46. $5 \times 10^{14}$ Hz ആവൃത്തിയുള്ള ഒരു ഏകവർണ്ണ പ്രകാശ തരംഗം ശൂന്യതയിൽ നിന്ന് (vacuum) അപവർത്തനാങ്കം 1.5 ആയ സുതാര്യ മാധ്യമത്തിലേക്ക് പ്രവേശിക്കുന്നു. താഴെപ്പറയുന്ന പ്രസ്താവനകളിൽ ഏതാണ് ശരി ?
   A) അതിന്റെ ആവൃത്തി $3.33 \times 10^{14}$ Hz ആയി മാറുകയും തരംഗദൈർഘ്യം മാറ്റമില്ലാതെ തുടരുകയും ചെയ്യുന്നു
   B) അതിന്റെ ആവൃത്തി $5.0 \times 10^{14}$ Hz ആയി മാറ്റമില്ലാതെ തുടരുകയും തരംഗദൈർഘ്യം $4.0 \times 10^{-7}$ m ആയി മാറുകയും ചെയ്യുന്നു
   C) അതിന്റെ ആവൃത്തി $7.5 \times 10^{14}$ Hz ആയി മാറുകയും തരംഗദൈർഘ്യം $6.0 \times 10^{-7}$ m ആയി മാറുകയും ചെയ്യുന്നു
   D) അതിന്റെ ആവൃത്തിയിലും തരംഗദൈർഘ്യത്തിലും മാറ്റമുണ്ടാകില്ല

47. ഒരു വസ്തുവിന്റെ വേഗത ഇരട്ടിയാക്കിയാൽ, അതിന്റെ ഗതികോർജ്ജം എത്ര മടങ്ങാകും ?
   A) പകുതി  B) ഇരട്ടി  C) നാലിരട്ടി  D) എട്ടിരട്ടി

48. 2026-ൽ ഇന്ത്യ BRICS-ന്റെ അധ്യക്ഷസ്ഥാനം വഹിച്ചു. ഈ കൂട്ടായ്മയ്ക്കായി ഇന്ത്യ വിവിധ മുൻഗണനകൾ മുന്നോട്ടുവച്ചു. ഇന്ത്യയുടെ BRICS അധ്യക്ഷസ്ഥാനത്തിന്റെ ഔദ്യോഗിക പ്രമേയം എന്തായിരുന്നു ?
   A) ആഗോള സമാധാനത്തിനായി ഗ്ലോബൽ സൗത്ത്
   B) സമഗ്രമായ വളർച്ചയ്ക്കായി നവീകരണം
   C) ഒരു ഭൂമി, ഒരു ഭാവി
   D) പ്രതിരോധശേഷി, നവീകരണം, സഹകരണം, സുസ്ഥിരത എന്നിവയ്ക്കായി നിർമ്മിക്കുക

49. അക്വാ റീജിയയ്ക്ക് സ്വർണം ലയിപ്പിക്കാനുള്ള കഴിവിന് പ്രധാന കാരണം എന്താണ് ?
   A) ഹൈഡ്രോക്ലോറിക് ആസിഡ് മുഖേന ഓക്സീകരണം നടക്കുകയും നൈട്രേറ്റ് അയോണുകൾ മുഖേന കോംപ്ലക്സ് രൂപപ്പെടുകയും ചെയ്യുന്നു
   B) നൈട്രിക് ആസിഡ് മുഖേന അപചയം നടക്കുകയും ക്ലോറൈഡ് അയോണുകൾ മുഖേന കോംപ്ലക്സ് രൂപപ്പെടുകയും ചെയ്യുന്നു
   C) നൈട്രിക് ആസിഡ് മുഖേന ഓക്സീകരണം നടക്കുകയും ക്ലോറൈഡ് അയോണുകൾ മുഖേന കോംപ്ലക്സ് രൂപപ്പെടുകയും ചെയ്യുന്നു
   D) ഹൈഡ്രോക്ലോറിക് ആസിഡ് മുഖേന അപചയം നടക്കുകയും നൈട്രേറ്റ് അയോണുകൾ മുഖേന കോംപ്ലക്സ് രൂപപ്പെടുകയും ചെയ്യുന്നു

50. നൈട്രിക് ആസിഡിന്റെ pH 5-ൽ നിന്ന് 3 ആയി മാറിയാൽ, അതിലെ $H^+$ അയോണിന്റെ സാന്ദ്രത
   A) 100 മടങ്ങ് കുറയും  B) 100 മടങ്ങ് വർധിക്കും
   C) 10 മടങ്ങ് വർധിക്കും  D) മാറ്റമില്ല

51. ഇരുമ്പ് പൊടിയും സൾഫർ പൊടിയും അടങ്ങിയ ഒരു മിശ്രിതം വേർതിരിക്കാൻ താഴെപ്പറയുന്ന ഏത് ക്രമമാണ് ഉപയോഗിക്കാവുന്നത് ?
   A) ശക്തമായി ചൂടാക്കിയ ശേഷം കാന്തിക വേർതിരിക്കൽ
   B) ചൂടാക്കാതെ കാന്തിക വേർതിരിക്കൽ
   C) ചൂടാക്കിയ ശേഷം ബാഷ്പീകരണത്തിന് വിധേയമാക്കുക
   D) ചൂടാക്കിയ ശേഷം ശുദ്ധീകരണത്തിന് വിധേയമാക്കുക

52. മീഥേൻ പൈറോളിസിസിനോടുള്ള താൽപര്യം വർധിച്ചുവരുന്നതിന്റെ കാരണം, ഇത് താഴെപ്പറയുന്നവയിൽ ഏത് ഉൽപ്പന്നങ്ങൾ ഉണ്ടാക്കാൻ കഴിയുന്നതിനാലാണ് ?
   A) കാർബൺ ഡൈഓക്സൈഡും ജലവും  B) ഹൈഡ്രജനും ഖര കാർബണും
   C) കാർബൺ മോണോക്സൈഡും ഹൈഡ്രജനും  D) കാർബൺ മോണോക്സൈഡും ജലവും

53. കേരള ഫോക്‌ലോർ അക്കാദമിയുടെ പ്രധാന ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ?
   I. കേരളത്തിലെ നാടോടി കലാരൂപങ്ങളെ പ്രോത്സാഹിപ്പിക്കുക.
   II. പരമ്പരാഗത കലാരൂപങ്ങളുടെ സ്വത്വം നഷ്ടപ്പെടാതെ, അവയിൽ നിന്ന് പുതിയ കലാരൂപങ്ങൾ വികസിപ്പിക്കുക.
   III. തലമുറകളിലൂടെ കൈമാറ്റം ചെയ്യപ്പെട്ടുവരുന്ന നാടോടിക്കഥകളും നാടൻപാട്ടുകളും ശേഖരിച്ച് പ്രസിദ്ധീകരിക്കുക.
   IV. പുരസ്കാരങ്ങളും ഫെലോഷിപ്പുകളും നൽകി പ്രമുഖ കലാകാരന്മാരെ ആദരിക്കുക.
   A) III മാത്രം  B) I ഉം II ഉം മാത്രം
   C) മുകളിൽ പറഞ്ഞവയെല്ലാം  D) IV മാത്രം

54. Which of the following statements about the literary work Nalini are correct ?
    I. Nalini is a short narrative poem (Khandakavya) written by Kumaran Asan.
    II. Nalini is also known by another name, Oru Sneham (“A Love”).
    III. Nalini is the first work of Kumaran Asan.
    IV. The foreword (introduction) for Nalini was written by A. R. Raja Raja Varma.
    A) Only I and III
    B) Only II
    C) Only I and IV
    D) Only I, II and IV

55. Which art form of Kerala, dynamic for its rhythmic footwork and theatrical battle scenes, was introduced during the Portuguese era in the coastal regions ?
    A) Margamkali
    B) Chavittu Nadakam
    C) Oppana
    D) Parichamuttukali

56. Under the Mission Samudra framework in Kerala, which strategic sector is being integrated with urban development and logistics ?
    A) Port-led industrialisation and maritime transport
    B) In-land freshwater fish farming
    C) Deep-sea coral reef conservation
    D) Hydropower generation

57. Who is the first Indian to win olympic gold in athletics ?
    A) Milka Singh
    B) P. T. Usha
    C) Anju Bobby George
    D) Neeraj Chopra

58. Kho Kho during Game consist in the team ____________ Players.
    A) 7
    B) 9
    C) 8
    D) 11

59. “Tee” is the term related to which sports and games ?
    A) Boxing
    B) Chess
    C) Billiards
    D) Golf

60. Consider the following statements.
    **Statement I** : RAM is a volatile memory.
    **Statement II** : ROM generally retains its contents when power is switched off.
    Which of the following is correct ?
    A) Both Statement I and Statement II are true
    B) Both Statement I and Statement II are false
    C) Statement I is true, but Statement II is false
    D) Statement I is false, but Statement II is true

61. Which of the following is an example of an output operation ?
    A) Reading a student’s mark from the keyboard
    B) Loading a file from a hard disk
    C) Displaying a calculated result on the monitor
    D) Moving a file from one folder to another

62. An office has computers connected within the same building to share printers and files. Which type of network is most appropriate ?
    A) WAN
    B) MAN
    C) PAN
    D) LAN

54. നളിനി എന്ന സാഹിത്യകൃതിയെക്കുറിച്ചുള്ള താഴെപ്പറയുന്ന പ്രസ്താവനകളിൽ ഏവയാണ് ശരിയായത് ?
    I. നളിനി, കുമാരനാശാൻ രചിച്ച ഒരു ഖണ്ഡകാവ്യമാണ് (Khandakavya).
    II. ''ഒരു സ്നേഹം'' ("A Love") എന്ന മറ്റൊരു പേരിലും നളിനി അറിയപ്പെടുന്നു.
    III. നളിനി, കുമാരനാശാന്റെ ആദ്യ കൃതിയാണ്.
    IV. നളിനിയുടെ ആമുഖം (introduction) എഴുതിയത് എ. ആർ. രാജരാജവർമ്മയാണ്.
    A) I ഉം III ഉം മാത്രം
    B) II മാത്രം
    C) I ഉം IV ഉം മാത്രം
    D) I, II, IV മാത്രം

55. താളാത്മകമായ ചുവടുകളും നാടകീയമായ യുദ്ധരംഗങ്ങളും കൊണ്ട് ശ്രദ്ധേയമായ, പോർച്ചുഗീസ് കാലഘട്ടത്തിൽ കേരളത്തിന്റെ തീരപ്രദേശങ്ങളിൽ അവതരിപ്പിക്കപ്പെട്ട കലാരൂപം ഏതാണ് ?
    A) മാർഗംകളി
    B) ചവിട്ടുനാടകം
    C) ഒപ്പന
    D) പരിചമുട്ടുകളി

56. കേരളത്തിലെ മിഷൻ സമുദ്ര ചട്ടക്കൂടിന് കീഴിൽ, നഗരവികസനവും ലോജിസ്റ്റിക്സുമായി ഏത് തന്ത്രപ്രധാന മേഖലയെയാണ് സംയോജിപ്പിക്കുന്നത് ?
    A) തുറമുഖ കേന്ദ്രീകൃത വ്യവസായവൽക്കരണവും സമുദ്രഗതാഗതവും
    B) ഉൾനാടൻ ശുദ്ധജല മത്സ്യകൃഷി
    C) ആഴക്കടൽ പവിഴപ്പുറ്റ് സംരക്ഷണം
    D) ജലവൈദ്യുതി ഉൽപ്പാദനം

57. അത്‌ലറ്റിക്സിൽ ഒളിമ്പിക് സ്വർണ്ണ മെഡൽ നേടുന്ന ആദ്യ ഇന്ത്യൻ താരം ആര് ?
    A) മിൽഖാ സിംഗ്
    B) പി. ടി. ഉഷ
    C) അഞ്ജു ബോബി ജോർജ്ജ്
    D) നീരജ് ചോപ്ര

58. ഒരു ഖോ-ഖോ മത്സരത്തിൽ ഒരു ടീമിൽ എത്ര കളിക്കാർ ഉണ്ടായിരിക്കും ?
    A) 7
    B) 9
    C) 8
    D) 11

59. ''ടീ'' (Tee) എന്ന പദം ഏത് കായിക ഇനവുമായി ബന്ധപ്പെട്ടതാണ് ?
    A) ബോക്സിംഗ്
    B) ചെസ്
    C) ബില്ല്യാർഡ്സ്
    D) ഗോൾഫ്

60. താഴെപ്പറയുന്ന പ്രസ്താവനകൾ പരിഗണിക്കുക.

    **പ്രസ്താവന I** : RAM ഒരു അസ്ഥിര മെമ്മറി ആണ്.
    **പ്രസ്താവന II** : വൈദ്യുതി വിതരണം നിർത്തിയാലും ROM സാധാരണയായി അതിലെ വിവരങ്ങൾ നിലനിർത്തുന്നു.

    താഴെപ്പറയുന്നതിൽ ഏതാണ് ശരി ?
    A) പ്രസ്താവന I ഉം പ്രസ്താവന II ഉം ശരിയാണ്
    B) പ്രസ്താവന I ഉം പ്രസ്താവന II ഉം തെറ്റാണ്
    C) പ്രസ്താവന I ശരിയാണ്, എന്നാൽ പ്രസ്താവന II തെറ്റാണ്
    D) പ്രസ്താവന I തെറ്റാണ്, എന്നാൽ പ്രസ്താവന II ശരിയാണ്

61. താഴെപ്പറയുന്നതിൽ ഏതാണ് ഒരു ഔട്ട്പുട്ട് ഓപ്പറേഷന് ഉദാഹരണം ?
    A) കീബോർഡ് ഉപയോഗിച്ച് ഒരു വിദ്യാർത്ഥിയുടെ മാർക്ക് നൽകുന്നത്
    B) ഹാർഡ് ഡിസ്കിൽ നിന്ന് ഒരു ഫയൽ ലോഡ് ചെയ്യുന്നത്
    C) കണക്കാക്കിയ ഫലം മോണിറ്ററിൽ പ്രദർശിപ്പിക്കുന്നത്
    D) ഒരു ഫയൽ ഒരു ഫോൾഡറിൽ നിന്ന് മറ്റൊന്നിലേക്ക് മാറ്റുന്നത്

62. ഒരു ഓഫീസിലെ കമ്പ്യൂട്ടറുകൾ ഒരേ കെട്ടിടത്തിനുള്ളിൽ പരസ്പരം ബന്ധിപ്പിച്ച് പ്രിന്ററുകളും ഫയലുകളും പങ്കിടുന്നു. ഇതിന് ഏറ്റവും അനുയോജ്യമായ നെറ്റ്‌വർക്ക് ഏതാണ് ?
    A) WAN
    B) MAN
    C) PAN
    D) LAN

63. What does E20 fuel refer to ?
   A) Fuel containing 20% ethanol and 80% petrol by volume
   B) Fuel containing 20% petrol and 80% ethanol by volume
   C) Fuel containing 20% biodiesel and 80% petrol by volume
   D) Fuel containing 20% ethanol and 80% diesel by volume

64. In its August 2026 policy meeting, the Reserve Bank of India kept the policy repo rate unchanged at
   A) 4.50% B) 5.25% C) 5.00% D) 6.00%

65. Under Section 2(28) of the Bharatiya Nyaya Sanhita, 2023, which of the following is included within the meaning of "public servant" ?
   A) Only officers employed by the Central Government
   B) Only judges and judicial officers
   C) Persons performing duties of a public nature, including government officers, judges, arbitrators and members of public commissions
   D) Only members of the armed forces

66. Who is authorized to issue the Certificate of Identity to a transgender person under Section 6 of the Transgender Persons (Protection of Rights) Act, 2019 ?
   A) State Government B) District Magistrate
   C) District Collector D) None of the above

67. Punishment for sexual harassment under POCSO Act, 2012 is provided under which Section ?
   A) Section 9 B) Section 10 C) Section 11 D) Section 12

68. Section 14 of the Lokpal and Lokayuktas Act, 2013 primarily deals with
   A) Appointment of the Chairperson of the Lokpal
   B) Removal of the Lokpal Chairperson
   C) Powers of the Lokayukta in State Governments
   D) Jurisdiction of the Lokpal in respect of complaints against certain public functionaries

69. Who is the Ninth Chairperson of National Human Rights Commission ?
   A) Justice Arun Kumar Mishra B) Justice H. L. Dattu
   C) Justice V. Ramasubramanian D) Justice K. G. Balakrishnan

70. The Central Information Commission under RTI Act, 2005 is enacted as per which Section ?
   A) Section 12 B) Section 13 C) Section 14 D) Section 15

63. E20 ഇന്ധനം എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത് ?
   A) അളവിന്റെ അടിസ്ഥാനത്തിൽ 20% എഥനോളും 80% പെട്രോളും അടങ്ങിയ ഇന്ധനം
   B) അളവിന്റെ അടിസ്ഥാനത്തിൽ 20% പെട്രോളും 80% എഥനോളും അടങ്ങിയ ഇന്ധനം
   C) അളവിന്റെ അടിസ്ഥാനത്തിൽ 20% ബയോഡീസലും 80% പെട്രോളും അടങ്ങിയ ഇന്ധനം
   D) അളവിന്റെ അടിസ്ഥാനത്തിൽ 20% എഥനോളും 80% ഡീസലും അടങ്ങിയ ഇന്ധനം

64. 2026 ഓഗസ്റ്റിലെ നയയോഗത്തിൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ പോളിസി റിപ്പോ നിരക്ക് മാറ്റമില്ലാതെ എത്ര ശതമാനത്തിൽ നിലനിർത്തി ?
   A) 4.50% B) 5.25% C) 5.00% D) 6.00%

65. ഭാരതീയ ന്യായ സംഹിത, 2023-ലെ വകുപ്പ് 2(28) പ്രകാരം, താഴെപ്പറയുന്നവരിൽ ആരാണ് ''പൊതുസേവകൻ'' എന്നതിന്റെ നിർവചനത്തിൽ ഉൾപ്പെടുന്നത് ?
   A) കേന്ദ്ര ഗവൺമെന്റിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർ മാത്രം
   B) ജഡ്ജിമാരും ജുഡീഷ്യൽ ഓഫീസർമാരും മാത്രം
   C) സർക്കാർ ഉദ്യോഗസ്ഥർ, ജഡ്ജിമാർ, ആർബിട്രേറ്റർമാർ (മധ്യസ്ഥർ), പൊതു കമ്മീഷനുകളിലെ അംഗങ്ങൾ എന്നിവ ഉൾപ്പെടെ പൊതുസ്വഭാവമുള്ള ചുമതലകൾ നിർവഹിക്കുന്ന വ്യക്തികൾ
   D) സായുധ സേനയിലെ അംഗങ്ങൾ മാത്രം

66. ട്രാൻസ്ജെൻഡർ വ്യക്തികളുടെ (അവകാശ സംരക്ഷണം) നിയമം, 2019-ലെ വകുപ്പ് 6 പ്രകാരം, ഒരു ട്രാൻസ്ജെൻഡർ വ്യക്തിക്ക് തിരിച്ചറിയൽ സർട്ടിഫിക്കറ്റ് നൽകാൻ അധികാരമുള്ളത് ആര് ?
   A) സംസ്ഥാന സർക്കാർ B) ജില്ലാ മജിസ്ട്രേറ്റ്
   C) ജില്ലാ കളക്ടർ D) മുകളിൽ പറഞ്ഞവരാരുമല്ല

67. പോസ്കോ നിയമം, 2012 പ്രകാരം ലൈംഗിക പീഡനത്തിനുള്ള ശിക്ഷ ഏത് വകുപ്പിലാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത് ?
   A) വകുപ്പ് 9 B) വകുപ്പ് 10 C) വകുപ്പ് 11 D) വകുപ്പ് 12

68. ലോക്പാൽ, ലോകായുക്ത നിയമം, 2013-ലെ വകുപ്പ് 14 പ്രധാനമായും എന്തിനെക്കുറിച്ചാണ് പ്രതിപാദിക്കുന്നത് ?
   A) ലോക്പാലിന്റെ ചെയർപേഴ്സനെ നിയമിക്കുന്നതിനെക്കുറിച്ച്
   B) ലോക്പാൽ ചെയർപേഴ്സനെ നീക്കം ചെയ്യുന്നതിനെക്കുറിച്ച്
   C) സംസ്ഥാന സർക്കാരുകളിലെ ലോകായുക്തയുടെ അധികാരങ്ങളെക്കുറിച്ച്
   D) ചില പൊതുപ്രവർത്തകർക്കെതിരായ പരാതികളിൽ ലോക്പാലിന്റെ അധികാരപരിധിയെക്കുറിച്ച്

69. ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ ഒൻപതാമത്തെ ചെയർപേഴ്സൺ ആരാണ് ?
   A) ജസ്റ്റിസ് അരുൺ കുമാർ മിശ്ര B) ജസ്റ്റിസ് എച്ച്. എൽ. ദത്തു
   C) ജസ്റ്റിസ് വി. രാമസുബ്രഹ്മണ്യൻ D) ജസ്റ്റിസ് കെ. ജി. ബാലകൃഷ്ണൻ

70. RTI നിയമം, 2005 പ്രകാരം കേന്ദ്ര വിവരാവകാശ കമ്മീഷൻ രൂപീകരിക്കുന്നത് ഏത് വകുപ്പിന്റെ അടിസ്ഥാനത്തിലാണ് ?
   A) വകുപ്പ് 12 B) വകുപ്പ് 13 C) വകുപ്പ് 14 D) വകുപ്പ് 15

71. In the following question, four numbers are given, out of which three are alike in some manner while one is different.
Choose the one which is different from the rest three.
A) 150 B) 175 C) 200 D) 250

72. The following question consist of two words each that have a certain relationship to each other, followed by four lettered pairs of words. Select the lettered pair that has the same relationship as the original pair of words.
Triangle : Hexagon
A) Cone : Sphere
B) Rectangle : Octagon
C) Pentagon : Heptagon
D) Angle : Quadrilateral

73. Given below is a sequence of groups of letters and numbers with one term missing as shown by (?). Choose the missing term out of the given alternatives.
Q1F, S2E, U6D, W21C, ?
A) Z88B B) Y88B C) Y44B D) Y66B

74. Introducing a man, a woman said, "His wife is the only daughter of my father."
How is that man related to the woman ?
A) Brother
B) Father-in-law
C) Maternal Uncle
D) Husband

75. Two ladies and two men are playing cards and are seated at North, East, South and West of a table. No lady is facing East. Persons sitting opposite to each other are not of the same sex. One man is facing South. Which directions are the ladies facing ?
A) North and West
B) North and East
C) South and East
D) East and West

76. In a class, there are 24 students. The average age of 24 students and the class teacher is 16 years of the class teacher's age is excluded, the average age reduces by 1 year. What is the age of the class teacher ?
A) 25 years B) 42 years C) 40 years D) 50 years

77. A cloth dealer professes to sell cotton at cost price, but uses a meter having a length of 80 cm only and charges for the meter. Find his gain percent.
A) 25% B) 30% C) 20% D) 40%

78. If the difference between the Compound Interest and Simple Interest on a certain sum of money for 3 years at 5% per annum is Rs. 30.50. Find the sum.
A) Rs. 8,000 B) Rs. 4,000 C) Rs. 3,050 D) Rs. 457.50

79. Ammu and Balu walk from P to Q at a distance of 21 km at rates 3 and 4 km an hour respectively. Balu reaches Q and returns immediately and meets Ammu at R. The distance from P to R is
A) 7 km B) 12 km C) 18 km D) 81 km

80. R takes twice as much time as M and thrice as much time as S to complete a job. If working together, they can complete the job in 4 days, then the time taken by R, M and S separately to complete the work are respectively
A) 24 days, 12 days, 8 days
B) 60 days, 30 days, 20 days
C) 30 days, 15 days, 10 days
D) 12 days, 6 days, 4 days

71. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളിൽ, നാല് അക്കങ്ങൾ നൽകിയിരിക്കുന്നു. അവയിൽ മൂന്നെണ്ണം ഏതെങ്കിലും ഒരു രീതിയിൽ പരസ്പരം സാമ്യമുള്ളവയാണ്, എന്നാൽ ഒരെണ്ണം വ്യത്യസ്തമാണ്. ബാക്കിയുള്ള മൂന്നെണ്ണത്തിൽ നിന്ന് വ്യത്യസ്തമായതിനെ തിരഞ്ഞെടുക്കുക.

A) 150 B) 175 C) 200 D) 250

72. താഴെ നൽകിയിരിക്കുന്ന ചോദ്യത്തിൽ, രണ്ട് വാക്കുകൾ തമ്മിൽ ഒരു പ്രത്യേക ബന്ധമുണ്ട്. അതിന് ശേഷം നാല് വാക്കുകളുടെ ജോഡികൾ നൽകിയിരിക്കുന്നു. ആദ്യ ജോഡിയിലുള്ള അതേ ബന്ധം കാണിക്കുന്ന വാക്കുകളുടെ ജോഡിയെ തിരഞ്ഞെടുക്കുക.

ത്രികോണം : ഷഡ്ഭുജം

A) കോൺ : ഗോളം
B) ദീർഘചതുരം : അഷ്ടഭുജം
C) പഞ്ചഭുജം : സപ്തഭുജം
D) ആങ്കിൾ : ചതുർഭുജം

73. താഴെ കൊടുത്തിരിക്കുന്നവ അക്ഷരങ്ങളുടെയും അക്കങ്ങളുടെയും കൂട്ടങ്ങളായുള്ള ഒരു ശ്രേണിയാണ്. അതിൽ ഒരു പദം വിട്ടുപോയിട്ടുണ്ട്, അത് (?) എന്നതിലൂടെ സൂചിപ്പിച്ചിരിക്കുന്നു. നൽകിയിരിക്കുന്ന ബദലുകളിൽ നിന്ന് വിട്ടുപോയ പദം തിരഞ്ഞെടുക്കുക.

Q1F, S2E, U6D, W21C, ?

A) Z88B B) Y88B C) Y44B D) Y66B

74. ഒരു പുരുഷനെ പരിചയപ്പെടുത്തിക്കൊണ്ട് ഒരു സ്ത്രീ പറഞ്ഞു : ''അയാളുടെ ഭാര്യ എന്റെ പിതാവിന്റെ ഏക മകളാണ്.'' ആ പുരുഷൻ ആ സ്ത്രീയുമായി എന്ത് ബന്ധമാണ് ?

A) സഹോദരൻ
B) ഭർത്താവിന്റെ പിതാവ്
C) അമ്മാവൻ
D) ഭർത്താവ്

75. രണ്ട് സ്ത്രീകളും രണ്ട് പുരുഷന്മാരും കാർഡ് കളിക്കുകയാണ്. അവർ ഒരു മേശയുടെ വടക്ക്, കിഴക്ക്, തെക്ക് , പടിഞ്ഞാറ് എന്നീ ദിശകളിൽ ഇരിക്കുന്നു. ഒരു സ്ത്രീയും കിഴക്ക് ദിശയിൽ ഇരിക്കുന്നില്ല. പരസ്പരം എതിർവശത്ത് ഇരിക്കുന്നവർ ഒരേ ലിംഗത്തിൽപ്പെട്ടവരല്ല. ഒരു പുരുഷൻ തെക്ക് ദിശയിലേക്ക് അഭിമുഖമായി ഇരിക്കുന്നു. സ്ത്രീകൾ ഏത് ദിശകളിലാണ് ഇരിക്കുന്നത് ?

A) വടക്കും പടിഞ്ഞാറും
B) വടക്കും കിഴക്കും
C) തെക്കും കിഴക്കും
D) കിഴക്കും പടിഞ്ഞാറും

76. ഒരു ക്ലാസിൽ 24 വിദ്യാർത്ഥികളുണ്ട്. വിദ്യാർത്ഥികളുടെയും ക്ലാസ് ടീച്ചറുടെയും ശരാശരി പ്രായം 16 വയസ്സാണ്. ക്ലാസ് ടീച്ചറുടെ പ്രായം ഒഴിവാക്കിയാൽ, 24 വിദ്യാർത്ഥികളുടെ ശരാശരി പ്രായം 1 വയസ്സ് കുറയുന്നു. ക്ലാസ് ടീച്ചറുടെ പ്രായം എത്ര ?

A) 25 വയസ്സ് B) 42 വയസ്സ് C) 40 വയസ്സ് D) 50 വയസ്സ്

77. ഒരു തുണിക്കച്ചവടക്കാരൻ വാങ്ങിയ വിലയ്ക്കാണ് തുണി വിൽക്കുന്നതെന്ന് പറയുന്നു. എന്നാൽ, 1 മീറ്ററിന് പകരം 80 സെ.മീ. മാത്രം അളക്കുന്ന മീറ്റർ ഉപയോഗിച്ച് 1 മീറ്ററിന്റെ വില ഈടാക്കുന്നു. അവന്റെ ലാഭശതമാനം എത്ര ?

A) 25% B) 30% C) 20% D) 40%

78. ഒരു നിശ്ചിത തുകയ്ക്ക് 5% വാർഷിക പലിശനിരക്കിൽ 3 വർഷത്തേക്ക് ലഭിക്കുന്ന കൂട്ടുപലിശയും ലളിതപലിശയും തമ്മിലുള്ള വ്യത്യാസം Rs. 30.50. ആണ്. ആ തുക എത്ര ?

A) Rs. 8,000 B) Rs. 4,000 C) Rs. 3,050 D) Rs. 457.50

79. അമ്മുവും ബാലുവും P-യിൽ നിന്ന് Q -യിലേക്ക് 21 km ദൂരം യഥാക്രമം 3 km/hr, 4 km/hr വേഗതയിൽ നടക്കുന്നു. ബാലു Q യിൽ എത്തിയ ഉടൻ തിരികെ വരുകയും, R എന്ന സ്ഥലത്ത് വെച്ച് അമ്മുവിനെ കണ്ടുമുട്ടുകയും ചെയ്യുന്നു. P മുതൽ R വരെയുള്ള ദൂരം എത്ര ?

A) 7 km B) 12 km C) 18 km D) 81 km

80. R ഒരു ജോലി പൂർത്തിയാക്കാൻ എടുക്കുന്ന സമയം, M-ന്റെ സമയത്തിന്റെ 2 മടങ്ങും S-ന്റെ സമയത്തിന്റെ 3 മടങ്ങുമാണ്. R, M, S എന്നിവർ ഒരുമിച്ച് പ്രവർത്തിച്ചാൽ ആ ജോലി 4 ദിവസത്തിൽ പൂർത്തിയാക്കും. ഓരോരുത്തരും ഒറ്റയ്ക്ക് ജോലി പൂർത്തിയാക്കാൻ എടുക്കുന്ന സമയം

A) 24 ദിവസം, 12 ദിവസം, 8 ദിവസം
B) 60 ദിവസം, 30 ദിവസം, 20 ദിവസം
C) 30 ദിവസം, 15 ദിവസം, 10 ദിവസം
D) 12 ദിവസം, 6 ദിവസം, 4 ദിവസം

81. The observatory was built on ________ isolated plateau far from the city lights.
A) a B) an C) the D) no article

82. Choose the correctly spelt word.
A) accomodation B) accommmodation
C) accommodation D) acommodation

83. Choose the sentence that is grammatically correct.
A) Neither of the two explanations are entirely convincing.
B) Neither of the two explanations is entirely convincing.
C) Neither of the two explanation is entirely convincing.
D) Neither of two explanations are entirely convincing.

84. The introduction of the new technology had a profound __________ on the way the photographs were processed.
A) affect B) effect C) effective D) effected

85. Choose the correct passive form of the sentence.
People regard the ancient manuscript as one of the most important discoveries of the century.
A) The ancient manuscript is regarded as one of the most important discoveries of the century.
B) The ancient manuscript was regarded to be one of the most important discoveries of the century.
C) The ancient manuscript is regarding as one of the most important discoveries of the century.
D) The ancient manuscript has regarded as one of the most important discoveries of the century.

86. In the sentence below, choose the option that best expresses the meaning of the idiom "read between the lines."
The letter contained no direct criticism, but anyone who could read between the lines would have understood her dissatisfaction.
A) read the letter aloud
B) examine the handwriting carefully
C) understand a meaning that is not stated directly
D) compare the letter with an earlier document

87. Choose the correct completion.
Had the early warnings been taken seriously, the damage to the wetlands __________.
A) could have been reduced B) could be reduced
C) can have been reduced D) had been reduced

88. The exhibition brought together several paintings whose apparent simplicity concealed considerable
A) sophisticated B) sophistication C) sophisticate D) sophisticating

89. Choose the correct reported form.
"Why did you leave the manuscript on the table ?" she asked him.
A) She asked him why had he left the manuscript on the table.
B) She asked him why he had left the manuscript on the table.
C) She asked him why did he leave the manuscript on the table.
D) She asked him why he has left the manuscript on the table.

90. The two interpretations of the poem are not mutually exclusive; they are _____, since each draws attention to an aspect that the other leaves in the background.
A) contradictory B) complementary C) arbitrary D) irrelevant

91. താഴെ നൽകിയിരിക്കുന്നവയിൽ പദശുദ്ധിക്ക് ഉദാഹരണം ഏതാണ് ?

A) പ്രാഭല്യം
B) പ്രാബല്യം
C) പ്രബല്യം
D) പ്രാഗൽബ്യം

92. താഴെ പറയുന്നവയിൽ ശരിയായവാക്യം ഏതാണ് ?

A) അവൻ റോഡിൽക്കൂടി നടന്നു
B) അവൻ റോഡിൽനടന്നു
C) അവൻ റോഡിന്മേൽ നടന്നു
D) അവൻ റോഡിന്നുള്ളിൽ നടന്നു

93. ദോഷം മാത്രം കാണുന്നയാൾ എന്നതിന്റെ ഒറ്റപ്പദം ഏതാണ് ?

A) ദോഷൈകദൃഷ്ടി
B) ദോഷൈകദൃക്
C) ദോഷദൃഷ്ടി
D) ദോഷദർശി

94. സമുദ്രം എന്ന പദത്തിന്റെ പര്യായം ഏതാണ് ?

A) ഗിരി
B) തരു
C) വ്യോമം
D) സാഗരം

95. മനുഷ്യൻ എന്ന പദത്തിന്റെ ബഹുവചനം ഏതാണ് ?

A) മനുഷ്യർമാർ
B) മനുഷ്യകൾ
C) മനുഷ്യർ
D) മാനുഷൻ

96. കണ്ടില്ല എന്ന പദം പിരിച്ചെഴുതുന്നതെങ്ങനെ ?

A) കണ്ട് + ഇല്ല
B) കണ്ടു + ഇല്ല
C) കൺ + ഇല്ല
D) കണ്ടു + വില്ല

97. എരിതീയിൽ എണ്ണയൊഴിക്കുക എന്ന ശൈലിയുടെ അർത്ഥമെന്ത് ?

A) നിലവിലുള്ള പ്രശ്നത്തെ കൂടുതൽ വഷളാക്കുക
B) വിളക്ക് കത്തിക്കുക
C) തീയെരിക്കുക
D) എണ്ണനിറയ്ക്കുക

98. വാക്യങ്ങൾ ചേർത്തെഴുതുക.

മഴപെയ്തു. യാത്ര മുടങ്ങി

A) മഴപെയ്തതുകൊണ്ട് യാത്ര മുടങ്ങി
B) മഴപെയ്തതിനാൽ യാത്ര മുടങ്ങി
C) മഴ പെയ്തു കാരണം യാത്ര മുടങ്ങി
D) എ യും ബി യും ശരിയാണ്

99. ധനികൻ എന്ന പദത്തിന്റെ വിപരീതം എന്താണ് ?

A) സമ്പന്നൻ
B) ഉന്നതൻ
C) ദരിദ്രൻ
D) മടിയൻ

100. Honesty is the best policy എന്ന ഇംഗ്ലീഷ് വാക്യത്തിന്റെ മലയാള പരിഭാഷ ഏതാണ് ?

A) സത്യസന്ധതയാണ് ഏറ്റവും മികച്ച നയം
B) സത്യമാണ് ഏറ്റവും നല്ല വഴി
C) കള്ളം പറയരുത്
D) സത്യം മാത്രമേ ജയിക്കൂ

## Space for Rough Work

## Space for Rough Work

# 93/26 – M

**ചോദ്യപുസ്തക അക്ഷരകോഡ്**

| **A** |
|---|

| ചോദ്യ പുസ്തക ക്രമനമ്പർ |
|---|
| |

**ചോദ്യങ്ങളുടെ ആകെ എണ്ണം : 100** **സമയം : 90 മിനിട്ട്**

**പരമാവധി മാർക്ക് : 100**

## ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക കോളത്തിൽ ചോദ്യപുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യപുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാ ഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള ചോദ്യപുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യപുസ്തക ക്രമനമ്പർ പുറം ചട്ടയുടെ വലതുവശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമനമ്പർ ഇല്ലാത്ത ചോദ്യപുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യപുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടാകില്ല; അഥവാ ഉണ്ടെങ്കിൽ അക്കാര്യം ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡിലുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. **ഈ ചോദ്യപേപ്പറിലെ 1 മുതൽ 80 വരെയുള്ള ചോദ്യങ്ങൾ ഇംഗ്ലീഷിലും ഔദ്യോഗിക ഭാഷയിലും (മലയാളം) ആയി അച്ചടിച്ചിരിക്കുന്നു. ഈ ചോദ്യങ്ങളുടെ അർത്ഥം, തർജ്ജമ എന്നിവ സംബന്ധിച്ച സംശയങ്ങൾക്ക് ഇംഗ്ലീഷ് മാധ്യമത്തിലുള്ള ചോദ്യങ്ങളാണ് ആധാരമാക്കുന്നത്.**
9. ചോദ്യ പുസ്തകത്തിന്റെ അവസാന പേജിനു തൊട്ടുമുൻപ് ഒന്നും എഴുതാത്ത രണ്ട് പേജുകൾ ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
10. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
11. ശരിയുത്തരം ഉൾപ്പെടെ ഓരോ ചോദ്യത്തിനും **(A), (B), (C), (D)** എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ. എം. ആർ. ഉത്തരക്കടലാസിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
12. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
13. പരീക്ഷാ സമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് ഇൻവിജിലേറ്ററെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല.
14. **നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.**